# കേരള നിയമസഭ 2017 മാർച്ച് 13 ന് ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

"സിക്ക് യൂണിറ്റായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൊൽക്കത്തയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന മാതൃകമ്പനിയുടെ ഭാഗമായുള്ള സ്ഥാപനമാണ് കോട്ടയം ജില്ലയിലെ വെള്ളൂരിലെ 700 ഏക്കറിൽ സ്ഥിതിചെയ്യുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്.

ഈ സ്ഥാപനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ തികച്ചും സൗജന്യനിരക്കിലാണ് നൽകുന്നത്. മാത്രമല്ല ഫാക്ടറിക്ക് പൾപ്പ് ഉണ്ടാക്കുന്നതിന് ആവശ്യമായ മരം വച്ചുപിടിപ്പിക്കാൻ വനംവകുപ്പിൽ നിന്ന് ആവശ്യമായ ഭൂമി സൗജന്യമായി നൽകിയിട്ടുമുണ്ട്. ആയതിനാൽ, സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരമില്ലാതെ ഈ സ്ഥാപനത്തെ സംബന്ധിച്ച് ഏകപക്ഷീയമായ തീരുമാനമെടുക്കുന്നത് കേരളത്തിന്റെ താല്പര്യത്തിന് വിരുദ്ധമാണ്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ മാതൃകമ്പനിയിൽ നിന്നും വിഭജിച്ചുകൊണ്ട് വന-വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്ര പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും വൈവിധ്യവത്കരണത്തിലൂടെ മുന്നോട്ടുപോകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കേന്ദ്രസർക്കാരിൽ നിന്നും ഉണ്ടാകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

KERALA LEGISLATURE SECRETARIAT TRIVANDRUM

വി.കെ. ബാബുപ്രകാശ്
സെക്രട്ടറി
കേരള നിയമസഭ
തിരുവനന്തപുരം-33